116570

THE HIGH COURT OF KERALA

Phone: 0484 2562951
Fax: 0484 2562451

Kochi-682 031

Dated-26/12/2017

C4-115915/2017

THE HIGH COURT OF KERALA
28 DEC 2017
ERNAKULAM

## OFFICIAL MEMORANDUM

Sub: .Contribution of salary of Government employees to Okhi relief fund- Government circular forwarding of -regarding.

Ref: Government circular No.95/2017/Finance dated 23/12/2017

Copy of the Government Circular is communicated herewith to the undermentioned officers for information and necessary action.

(By Order)

Encl: As above.

Sureshkumar.D
Assistant Registrar

To

All District Judges.
All Chief Judicial Magistrates.
The ARS, High Court(2 Copies)
The IT Section, High Court(for publication in the website)

*Note:- Reply shall be addressed to the Registrar (Subordinate Judiciary) or can also be sent to Fax No.shown above*

THE HIGH COURT OF KERALA
26 DEC 2017

PK N-4

115915

# കേരള സർക്കാർ
## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

നം. 95/2017/ധന

തിരുവനന്തപുരം, തീയതി: 23.12.2017

**പരിപത്രം**

വിഷയം - ഓഖി ദുരിതാശ്വാസ ഫണ്ടിലേക്ക് സർക്കാർ ജീവനക്കാരുടെ 2017 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും ഒരു വിഹിതം നൽകുന്നതു - സംബന്ധിച്ച്.

സൂചന:- 1) 20.12.2017 ലെ 93/2017/ധന പരിപത്രം.

2) 21.12.2017 ലെ സി ഡി എൻ 4/205/2017/പൊ.ഭ.വ. പരിപത്രം.

ഓഖി ദുരിതാശ്വാസ ഫണ്ടിലേക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും ഒരു വിഹിതം സൂചന രണ്ടിലെ പരിപത്രം പ്രകാരം കുറവ് ചെയ്യുവാൻ എല്ലാ ഡി.ഡി.ഒ. മാരോടും ഇതിനാൽ നിർദ്ദേശിക്കുന്നു.

ഇതു സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ഡി ഡി ഒ മാരുടേയും വകുപ്പ് മേധാവികളുടെയും അറിവിലേക്കും സത്വര നടപടികൾക്കുമായി പുറപ്പെടുവിക്കുന്നു.

1. സ്പാർക്ക് സംവിധാനത്തിൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതിനും ആയതിന്റെ പട്ടിക തയ്യാറാക്കുന്നതിനുമുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

2. മേൽ പ്രകാരം കിഴിവ് ചെയ്യപ്പെടുന്ന തുക ഡി ഡി ഒ മാരുടെ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിലേക്ക് ആദ്യം വരവ് രേഖപ്പെടുത്തി തുടർന്ന് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തുടങ്ങിയ സ്പെഷ്യൽ TSB അക്കൗണ്ടിലേക്ക് വരവ് ചെയ്യുന്നതായിരിക്കും. ആയതിനാൽ 2017 ഡിസംബർ മാസത്തെ ബില്ലിനോടൊപ്പം ഈ ഇനത്തിലുള്ള തുകയും ഓഖി ദുരിതാശ്വാസ ഫണ്ട് എന്നും രേഖപ്പെടുത്തിയ റ്റി എസ് ബി ചെക്ക് നിർബന്ധമായും ഡി ഡി ഒ മാർ അടക്കം ചെയ്യേണ്ടതാണ്.

3. ബില്ലിൽ പ്രസ്തുത ഫണ്ടിലേക്കുള്ള തുക ഒന്നുമില്ലായെങ്കിൽ ആയതു സംബന്ധിച്ച സാക്ഷ്യപത്രം ഡി ഡി ഒ രേഖപ്പെടുത്തേണ്ടതാണ്.

4. ഡിസംബർ മാസത്തെ മൊത്ത ശമ്പളത്തിൽ നിന്നും സ്വയമേ രണ്ട് ദിവസത്തെ കുറവ് വരുത്തുന്നതിനുള്ള സംവിധാനമായിരിക്കും സ്പാർക്കിൽ ഉണ്ടായിരിക്കുന്നത്. എന്നാൽ പ്രസ്തുത തുക ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുവാൻ താത്പര്യമില്ലാത്ത ജീവനക്കാർ അല്ലെങ്കിൽ രണ്ടു ദിവസത്തിൽ കൂടുതലോ / കുറവോ അല്ലെങ്കിൽ ഒരു നിശ്ചിത തുക മാത്രമോ കുറവു ചെയ്യണമെന്നുള്ളവർ പ്രസ്തുത വിവരം അടിയന്തിരമായി ഡി ഡി ഒ മാരെ അറിയിക്കേണ്ടതാണ്. അത്തരം ജീവനക്കരുടെ വിഹിതം ഒഴിവാക്കി അല്ലെങ്കിൽ തുക വ്യത്യാസപ്പെടുത്തി ശമ്പള ബില്ല് തയ്യാറാക്കുവാൻ ഡി ഡി ഒ മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ഇതുമായി ബന്ധപ്പെട്ട് റീഫണ്ട് നൽകുന്നതിനുള്ള അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതല്ല ആകയാൽ ശമ്പള ബില്ല് തയ്യാറാക്കുന്നത് വളരെ ശ്രദ്ധയോടെ ആയിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നു.

6 ആദായ നികുതി ഇളവിനുള്ള സാക്ഷ്യപത്രം നൽകുന്നതും, അതുമായി ബന്ധപ്പെട്ട മറ്റ് നടപടികളും അതത് ഡി ഡി ഒ മാർ തന്നെ സ്വീകരിക്കേണ്ടതാണ്.

7. ഇതു സംബന്ധിച്ച് ട്രഷറി ഓഫീസർമാർ പാലിക്കേണ്ട നിർദ്ദേശങ്ങൾ അടിയന്തിരമായി ട്രഷറി ഡയറക്ടർ നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കണിശമായി പാലിക്കുന്നുണ്ടെന്ന് എല്ലാ വകുപ്പ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

സൂചന ഒന്നിലെ പരിപത്രം ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു.

**മിൻഹാജ് ആലം IAS**
റിസോഴ്സസ് സെക്രട്ടറി (ധനകാര്യം)

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ മേധാവികൾക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം),
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സ്പാർക്ക് പി എം യു, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമ പ്രചാരണത്തിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## സമ്മത പത്രത്തിന്റെ മാതൃക

ഓഖി ചുഴലിക്കാറ്റ് ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്റെ രണ്ട്/................................................................ ദിവസത്തെ വേതനമായ ------------രൂപ (-------------------------------------------------------------------- രൂപ മാത്രം) ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നതിന് ഞാൻ ഇതിനാൽ സമ്മതം രേഖപ്പെടുത്തുന്നു.

ഒപ്പ്
പേര്
തസ്തിക
ഓഫീസ്

സ്ഥലം
തീയതി

## സമ്മത പത്രത്തിന്റെ മാതൃക

ഓഖി ചുഴലിക്കാറ്റ് ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്റെ രണ്ട്/................................................................ ദിവസത്തെ വേതനമായ ------------രൂപ (-------------------------------------------------------------------- രൂപ മാത്രം) ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നതിന് ഞാൻ ഇതിനാൽ സമ്മതം രേഖപ്പെടുത്തുന്നു.

ഒപ്പ്
പേര്
തസ്തിക
ഓഫീസ്

സ്ഥലം
തീയതി